# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1226

1.7.2015 – ൽ മറുപടിയ്ക്ക്

# കയർത്തൊഴിലാളി സമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകൾ

| ചോദ്യം<br>ശ്രീ. ജി.സുധാകരൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പമന്ത്രി |
|---|---|
| എ) കയർ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊ ണ്ട് കയർ തൊഴിലാളികൾ അടുത്ത കാലത്ത് സമരം നടത്തുകയു ണ്ട ായോ; പ്രസ്തുത സമരത്തിന്റെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ? | എ) കയർ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് കയർ തൊഴിലാളികൾ അടുത്ത കാലത്ത് സമരം നടത്തുകയുണ്ടായിട്ടു ണ്ട്. കയർ വ്യവസായം സംരക്ഷിക്കുക, തൊഴിലും കൂലിയും ഉറപ്പുവരുത്തുക, തൊഴിൽ അല്ലെങ്കിൽ ആശ്വാസ ധനം നൽകുക, കയർ സംഘങ്ങൾക്ക് കയർഫെഡ് നൽകാനുള്ള 3 കോടി രൂപ നൽകുക, 6 മാസമായി പെൻഷൻ കിട്ടുന്നില്ല, കുടിശ്ശിക ഉടൻ നൽകുക, പെൻഷൻ 1000/- രൂപയായി വർദ്ധിപ്പിക്കുക, തൊ ണ്ടും ചകിരിയും സംഭരിച്ചു നൽകാനുള്ള നടപടികൾ സ്വീകരിക്കുക, സംഘങ്ങൾക്ക് പ്രവർത്തനമൂലധനം നൽകുക, നിലവിലുള്ള കടബാദ്ധ്യതകൾ എഴുതി തള്ളുക, ജപ്തി നടപടികൾ നിർത്തി വയ്ക്കുക, ഉൽപ്പാദന ക്ഷമതയുള്ള യന്ത്രവൽകൃത റാട്ടുകളും ലൂമുകളും തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കും നൽകുക, ക്രയവില സ്ഥിരതാ പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കുക എന്നിവ ആയിരുന്നു സമരത്തിന്റെ പ്രധാന ആവശ്യങ്ങൾ. |
| ബി)സമരം ചെയ്ത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തിയിരുന്നോ; തൊഴിലാളി സംഘടനകളെ പ്രതിനിധീകരിച്ച് ആരെല്ലാമാണ് ചർച്ചയിൽ പങ്കെടുത്തത്? | ബി) സമരം ചെയ്ത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ബഹു. റവന്യു-കയർ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04.04.2015 ന് സർക്കാർ ചർച്ച നടത്തിയിരുന്നു.<br>തൊഴിലാളി സംഘടനകളെ പ്രതിനിധീകരിച്ച് താഴെ പറയുന്നവർ ചർച്ചയിൽ പങ്കെടുത്തു. |

| | |
|---|---|
| | 1. ഡോ. ടി. എം. തോമസ് ഐസക്, എം.എൽ.എ. പ്രസിഡന്റ്, കേരള കയർ വർക്കേഴ്സ് സെന്റർ (സി.ഐ.റ്റി.യു.)<br>2. ശ്രീ. പി. തിലോത്തമൻ, എം.എൽ.എ. പ്രസിഡന്റ്, കേരള സ്റ്റേറ്റ് കയർ തൊഴിലാളി ഫെഡറേഷൻ (എ.ഐ.റ്റി.യു.സി.)<br>3. ശ്രീ. ആനത്തലവട്ടം ആനന്ദൻ, ജനറൽ സെക്രട്ടറി, കേരള കയർ വർക്കേഴ്സ് സെന്റർ (സി.ഐ.റ്റി.യു.)<br>4. ശ്രീ. എ. കെ. രാജൻ, ഐ.എൻ.റ്റി.യു.സി.<br>5. ശ്രീ. വി. സി. അലോഷ്യസ്, ഐ.എൻ.റ്റി.യു.സി.<br>6. ശ്രീ. കെ. കെ. ഗണേശൻ, കേരള കയർ വർക്കേഴ്സ് സെന്റർ, സി.ഐ.റ്റി.യു.<br>7. അഡ്വ. എൻ. സായികുമാർ കേരള കയർ വർക്കേഴ്സ് സെന്റർ, സി.ഐ.റ്റി.യു.<br>8. ശ്രീ. പി. വി. സത്യനേശൻ, ജനറൽ സെക്രട്ടറി, കേരള സ്റ്റേറ്റ് കയർ തൊഴിലാളി ഫെഡറേഷൻ, എ.ഐ.റ്റി.യു.സി.<br>9. ശ്രീ. അഡ്വ. കെ. രത്നകുമാർ, ജനറൽ സെക്രട്ടറി, ആൾ കേരള കയർ തൊഴിലാളി ഫെഡറേഷൻ, യു. റ്റി. യു.സി.<br>10. ശ്രീ. പൂന്തുറ സജി, സെക്രട്ടറി , യു.റ്റി.യു.സി.<br>11. ശ്രീ. എസ്. എൻ. സജി കുമാർ, സി.ഐ.റ്റി.യു.<br>12. ശ്രീ. ആർ. ദേവരാജൻ, ഐ.എൻ.റ്റി.യു.സി.<br>13. അഡ്വ. വി. മോഹൻദാസ്, കയർ യൂണിയൻ പ്രസിഡന്റ്, ജില്ലാ കമ്മറ്റി ഓഫീസ് എ.ഐ.യു.റ്റി.സി. |
| സി)ചർച്ചയുടെ അടിസ്ഥാനത്തിൽ സമരം ഒത്തുതീർപ്പാക്കുകയുണ്ടായോ: എന്തെല്ലാമായിരുന്നു ഒത്തുതീർപ്പ് വ്യവസ്ഥകൾ. | സി) ചർച്ചയുടെ അടിസ്ഥാനത്തിൽ സമരം ഒത്തുതീർപ്പാക്കുകയുണ്ടായി. ഒത്തു തീർപ്പു വ്യവസ്ഥകൾ താഴെ ചേർക്കുന്നു.<br>1) കയർ സംഭരിച്ചതിൽ സംഘങ്ങൾക്ക് കയർഫെഡ് നൽകാനുള്ള 6.3 കോടി രൂപ സർക്കാർ ഏപ്രിൽ 20 നകം നൽകും.<br>2) സംഘങ്ങളിൽ നിലവിൽ സ്റ്റോക്കുള്ള കയർ കയർഫെഡ് സംഭരിക്കും.<br>3) ഓരോ പ്രോജക്റ്റുപ്രദേശത്തേയും കയർ ഇനത്തിന്റെ റണ്ണേജ്. ഗ്രേഡ് സംബന്ധിച്ച് സംഘങ്ങൾക്ക് നിർദ്ദേശം നൽകുന്നതിനായി |

| | |
|---|---|
| | കയർഫെഡ് പ്രോജക്റ്റുതലത്തിൽ യോഗം ചേരുന്നതാണ്. അതനുസരിച്ച് കയർപിരി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ കയർഫെഡ് സംഭരിക്കുന്നതാണ്.<br>4) കയർ സംഭരിക്കുന്നതിനുള്ള വില നിശ്ചയിക്കുന്നതിനായുള്ള വിലനിർണ്ണയ കമ്മറ്റി 3 മാസത്തിലൊരിക്കൽ കൂടുന്നതാണ്.<br>5) ക്രയ വില സ്ഥിരതാ പദ്ധതിയുടെ കീഴിൽ ചെറുകിട ഉൽപ്പാദക സംഘങ്ങൾക്കും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ആവശ്യമായ കയർ, കയർഫെഡ് കയർപിരി സംഘങ്ങളിൽ നിന്നും സംഭരിച്ചു നൽകേ ണ്ടതാണ്.<br>6) കയർ മേഖലയിലെ ആശ്വാസ ധനസഹായം സംബന്ധിച്ച് ഡിമാന്റ് യൂണിയനുകൾ ഉന്നയിച്ചു. കയർമേഖലയിൽ തൊഴിൽ രഹിതരായ വരെക്കുറിച്ച് പഠനം നടത്തുന്നതിനായി സർക്കാർ ഒരു കമ്മറ്റി രൂപീകരിക്കുന്നതാണ്.<br>7) പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് അവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനും പ്രവർത്തന മൂലധനം നൽകുന്നതിനെക്കുറിച്ച് കയർ വകുപ്പ് സെക്രട്ടറി ഒരു മാസത്തിനകം റിപ്പോർട്ട് നൽകും.<br>8) കടാശ്വാസ പദ്ധതിയിൻ കീഴിൽ 6 മാസത്തെ മോറട്ടോറിയം നൽകണമെന്ന ആവശ്യം സർക്കാർ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.<br>9) പിരിഞ്ഞുപോകുന്ന സഹകരണ സംഘം ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകണമന്ന ആവശ്യം സർക്കാർ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.<br>10) കയർ സഹകരണ സംഘങ്ങളിൽ ജീവന ക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നതുസംബന്ധിച്ച് കയർ വകുപ്പ് സെക്രട്ടറി റിപ്പോർട്ട് നൽകും. |
| ഡി)ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പാക്കുകയുണ്ടായോ വിശദാംശം നൽകാമോ. | ഡി) കയർഫെഡ് സംഘങ്ങൾക്ക് നൽകുവാനു ണ്ടായിരുന്ന 6.5 കോടി രൂപ സർക്കാർ അനുവദിച്ചു നൽകി. കയർ തൊഴിലാളികൾക്ക് കടാശ്വാസ പദ്ധതിയിൻ കീഴിൽ 6 മാസത്തെ മൊറട്ടോറിയം പ്രഖ്യാപിച്ച് സർക്കാർ ഉത്തരവായി. മറ്റു വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ